






# ജനാധിപത്യത്തെ പടുത്തുയർത്താൻ ഇന്ത്യൻയുവതയ്ക്കാകുമോ?

**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

**സ്വാ**തന്ത്ര്യയുടെ പ്രയാണം എഴുപത്തിയാറു വർഷങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യാനന്തരം ക്രാന്തദർശികളായ നമ്മുടെ നേതാക്കന്മാർ സംവിധാനം ചെയ്ത ജനാധിപത്യസമ്പ്രദായം എവിടെ എത്തിനിൽക്കുന്നുവെന്നു വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നിർമിക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റ്' എന്ന ആദർശം ഇന്ന് സ്വേച്ഛാധിപത്യത്തിന്റെ അധികാരക്കുടിലതകൾക്കു വഴിതെളിച്ചുകൊണ്ടിരിക്കുകയാണ്. അനുദിനം ദാരിദ്ര്യത്തിന്റെ രോദനങ്ങളും സ്ത്രീപീഡനത്തിന്റെ നിലവിളികളും യുവാക്കളുടെ തൊഴിലില്ലായ്മയും അശാന്തിയുണർത്തുന്ന കേരളത്തിൽ ജനാധിപത്യ ഇന്ത്യ വിഭാവനം ചെയ്ത മൂല്യങ്ങളൊന്നും സാക്ഷാത്കരിക്കപ്പെടുന്നില്ലെന്ന വസ്തുത ഖേദകരമാണ്.

പ്രതിഷേധിക്കാനോ അഭിപ്രായം പ്രകടിപ്പിക്കാനോ ആവിഷ്കരിക്കാനോ സ്വാതന്ത്ര്യമില്ലാത്ത യുവാക്കൾ പടിയിറങ്ങുകയും കുടിയേറുകയും കർഷകർ കൊലക്കയർ തേടുകയും ചെയ്യുന്ന അധികാരത്തിന്റെ സ്വാർഥമുനകളിലാണ് നാളുകൾ പുലരുന്നത്.

സംവരണത്തെ ജാതിവിവേചനങ്ങൾക്ക് അറുതിയായിക്കണ്ട ഭാരതത്തിൽ ജാതിവർഗകലാപങ്ങളും കൊലകളും ഉയർന്നുകൊണ്ടിരിക്കുന്നു. കുരുന്നുമനസ്സിലും മതതീവ്രവാദവും ലൗജിഹാദും വിത്തുപാകപ്പെടുന്നു. കലാലയരാഷ്ട്രീയത്തിൽ ജീവൻ പൊലിയുന്നവർ, ഉദ്യോഗസ്ഥ അഴിമതിയുടെ തിക്തഫലങ്ങളനുഭവിക്കുന്നവർ, ശമ്പളമോ പെൻഷനോ ലഭിക്കാതെ മരവിച്ച ഹൃദയങ്ങൾ എന്നിങ്ങനെ ജനാധിപത്യത്തിന്റെ ചൈതന്യം നീരാവിയാകുന്ന നിർവികാരതയിലാണ് നാം അധിവസിക്കുന്നത്.

ഭരണഘടനയുടെ അനുച്ഛേദങ്ങൾ അനുശാസിക്കുന്ന മതസ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിനുള്ള അവകാശം, സമത്വത്തിനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശം എന്നിങ്ങനെ മൗലികാവകാശങ്ങൾപോലും ഹനിക്കപ്പെടുന്ന ഇന്ത്യയിൽ മണിപ്പുരും കാശ്മീരും തീരാവിലാപങ്ങളുയർത്തുന്നു.

ജനങ്ങളിൽനിന്ന് അകലുന്ന ഭരണസംവിധാനം, സ്വാർഥതയ്ക്കും അഴിമതിക്കും അടിമപ്പെട്ട അധികാരികൾ, കടമകളും അവകാശങ്ങളും ഭാവിയും മാനിക്കാത്ത മയക്കുമരുന്നിനടിമകളായ യുവതലമുറ, അധികാരപ്രഭുത്വത്തിനു മുമ്പിൽ നിശ്ചലരാകുന്ന ജനത, വോട്ടെടുപ്പിലെ അപാകതകൾ, സ്ഥാനമാനങ്ങൾക്കായി മറുകര ചാടുന്ന രാഷ്ട്രീയനേതാക്കൾ, ദേശീയതയ്ക്കു നേരേയുള്ള വിഘടനവാദങ്ങൾ, ആഗോളയുദ്ധങ്ങളുടെ ഭാഗമായുണ്ടാകുന്ന ആഭ്യന്തരചലനങ്ങൾ തുടങ്ങിയവയെല്ലാം ജനാധിപത്യം ഇന്നു നേരിടുന്ന വെല്ലുവിളികളാണ്.

**ആവിഷ്കാരസ്വാതന്ത്ര്യം ഹനിക്കപ്പെടുമ്പോൾ**

ജനാധിപത്യത്തിന്റെ നെടുംതൂണായി വർത്തിക്കുന്ന നാലാംലോകമാണ് മാധ്യമങ്ങൾ. മാധ്യമങ്ങൾ വഴിയോ സമരാഹ്വാനം വഴിയോ പ്രതിഷേധിക്കാനും അവകാശങ്ങൾ നേടിയെടുക്കാനുമുള്ള പോരാട്ടത്തിന് ഇന്ന് തടയണ വീണുകൊണ്ടിരിക്കുന്നു. എഴുത്തുകാരന്റെ പരമാധികാരം ഹനിക്കപ്പെടുന്നു. എം.ടി. യെയും സച്ചിദാനന്ദനെയുംപോലുള്ള എഴുത്തുകാർ തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചപ്പോഴുണ്ടായ വാഗ്വാദംതന്നെ ഉത്തമോദാഹരണം.

ഫാസിസത്തിനെതിരേ ഉയർന്നുവരുന്ന ശബ്ദങ്ങൾ നിഷ്കരുണം അടിച്ചമർത്തപ്പെടുന്ന ശോചനീയാവസ്ഥ ജനാധിപത്യത്തിന്റെ അടിത്തറയിളകുന്നതിന്റെ സൂചനകളാണ്.

**സമത്വം – ജനാധിപത്യത്തിന്റെ രാസത്വരകം**

ജനാധിപത്യം ജനങ്ങൾ തുല്യരായി മുന്നേറുകയും സ്വയം നിർണയിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെ സ്ത്രീപ്രാതിനിധ്യം പാർലമെന്റോളം എത്തിയിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ കീഴ്ത്തട്ടിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരന്തത്തിന്റെ വിലാപം മണിപ്പുരിലും കേരളത്തിലും മാത്രമല്ല ഇന്ത്യയിലാകെ മുഴങ്ങിക്കേൾക്കാം.

ജാതിവിവേചനങ്ങളും അയിത്താചാരങ്ങളും ഇന്നും നിലനില്ക്കുന്നുവെന്നതാണ് മറ്റൊരു നിസ്സഹായത. സംവരണവും അതിൽ രാഷ്ട്രീയപ്പാർട്ടികൾ ചെലുത്തുന്ന സ്വാധീനവും പരിതാപകരംതന്നെ. രാഷ്ട്രീയപ്രേരണയ്ക്കും ചൂഷണത്തിനും സ്വയം ബലിയാടാകുന്ന ഒരു വിഭാഗം യുവത മറ്റൊരു ദയനീയതയാണ്.

"മേളിലാണവർ മാനത്തെ മേട-
ക്കൂട്ടിലാണാക്കഴുകന്മാർ വാഴ്ച
നീളമറ്റ ചിറകുമായ് നമ്മൾ
നേരിടാനോ നിവൃത്തിയില്ലല്ലോ."

എന്നു കടമ്മനിട്ട പാടിയപോലെ തങ്ങളുടെ ദയനീയതയിൽ വിലപിച്ചു കാലം തീർക്കുന്ന മർത്ത്യവർഗത്തിന്റെ വിഷാദങ്ങളെ ഉൾക്കൊള്ളാൻ ഏതു പാർട്ടി ഉയരും എന്ന ചിന്തയുടെ കാലമാണിത്.

ജനങ്ങൾ തിരഞ്ഞെടുത്ത, ജനങ്ങളെ മറക്കാത്ത ഒരു നേതാവിനുമാത്രമേ ജനാധിപത്യത്തെ പുനഃസ്ഥാപിക്കാനാകൂ. വളർന്നുവരുന്ന തലമുറയെ ഉത്തമപൗരന്മാരായി വാർത്തെടുക്കുകയാണ് ഏകവഴി. ഐശ്വര്യവും സമാധാനവും നിറഞ്ഞ, ദാരിദ്ര്യം നീങ്ങിയ ഇന്ത്യയെ വാർത്തെടുക്കാൻ ഈ യുവതയ്ക്കാകണം. ■

# വൈകാരികപക്വത നഷ്ടപ്പെട്ടാൽ



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ, മൈലക്കൊമ്പ്

**കൃ**ത്രിമബുദ്ധിയിൽ അതിശയം പൂണ്ടു സ്വന്തം ബുദ്ധിയെ പണയംവച്ചു ജീവിക്കുന്ന ഒരു തലമുറയിൽ, യുവജനങ്ങൾ വൈകാരികബുദ്ധി നഷ്ടപ്പെട്ടവരായി മാറുന്ന ഭയാനകമായ അവസ്ഥയ്ക്കാണ് നാം സാക്ഷിയായിരിക്കുന്നത്. പ്ലസ് ടു വിദ്യാർഥിനിയായ ഇൻസ്റ്റഗ്രാം ഇൻഫ്ളുവൻസർ ആത്മഹത്യ ചെയ്തു എന്ന വാർത്ത നാം കേട്ടിരിക്കും. യഥാർഥത്തിൽ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും ആത്മഹത്യയിലേക്കും വിഷാദത്തിലേക്കും തള്ളിവിടുന്നത് എന്തായിരിക്കും?

ഇന്റലിജന്റ് കോഷ്യന്റിന്റെ(IQ) കാലം കഴിഞ്ഞുവെന്ന് പറഞ്ഞു പഠിപ്പിച്ചുവെങ്കിലും നമ്മുടെ കുട്ടികൾ ഇന്നും അതിന്റെമാത്രം പിന്നാലെയാണ്. ഇമോഷണൽ കോഷ്യന്റ് (EQ) എന്നത് അവർക്കു തീരെയില്ല. അതിനു പ്രധാന കാരണം വൈകാരികചൂഷണങ്ങളാണ്. വ്യക്തികളുടെ വികാരത്തെ വിറ്റു വളരുന്ന വൻകിടലോബികളാണ് നമുക്കു ചുറ്റുമുള്ളത്. ചുറ്റും നിറഞ്ഞു



നിൽക്കുന്ന പരസ്യങ്ങളും സുഖസൗകര്യങ്ങളുടെ വശ്യതയും പ്രണയബന്ധങ്ങളുടെ ഊഷ്മളതയുമെല്ലാം വികാരങ്ങളെ ഉണർത്താൻ പര്യാപ്തമായവയാണ്.

അതായത്, നമ്മുടെ വികാരങ്ങളെ തൊട്ടുണർത്താൻ പോന്ന കാര്യങ്ങളാണ് എല്ലായിടത്തും കാണപ്പെടുന്നത്. ആലോചനയും വിവേകവും ആത്മശക്തിയും നഷ്ടപ്പെടുത്തി, വികാരങ്ങൾക്കു സ്വന്തം കടിഞ്ഞാൺ വിട്ടുകൊടുക്കാനാണ് നമുക്കിഷ്ടം. തോന്നുന്നത് തോന്നുന്ന സമയത്ത് തോന്നുന്നപോലെ ചെയ്യുന്നതാണ് സ്വാതന്ത്ര്യം എന്ന അയഥാർഥമായ ചിന്തയിൽ വ്യാപരിക്കുകയും തത്ഫലമായി തോന്നുന്ന കാര്യങ്ങൾ തോന്നുന്ന രീതിയിൽ നടക്കാതെ വരുമ്പോൾ വലിയ രോഷത്തിലേക്കു കൂപ്പുകുത്തുകയും ചെയ്യുന്നു.

മറ്റുള്ളവരോടോ തന്നോടുതന്നെയോ ഒരു പ്രസ്ഥാനത്തോടോ ഒക്കെ ഇത്തരം രോഷം തോന്നാവുന്നതാണ്. ഇത്തരം അധമചിന്താഗതികൾ മനുഷ്യനെ നശിപ്പിക്കുന്നു. മറ്റുള്ളവരെ നശിപ്പിക്കാനും സ്വയം നശിക്കാനും ആളുകളെ പ്രേരിപ്പിക്കുന്നത് ഈ ചിന്തകളാണ്.

തന്റെ ചുറ്റുമുള്ള ലോകത്തിൽ തന്റെ സ്ഥാനം തിരിച്ചറിയാൻ കഴിയാതെപോകുന്ന നിസ്സഹായരാണിവർ. പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അവഗണനകളുമെല്ലാം നമ്മെ ബാധിക്കുന്നതാവരുത്.

*ശേഷം 10-ാം പേജിൽ*



**ഗൗരിപ്രിയ. എസ്**
എം.ബി.ബി.എസ്.
മൂന്നാംവർഷം
മെഡിക്കൽ കോളജ്, കോട്ടയം

# കണ്ണുനീർപുരണ്ട പുഞ്ചിരി



പാവുകര എന്ന മനോഹരമായ ഒരു ഗ്രാമത്തിലെ സന്തുഷ്ട കുടുംബമായിരുന്നു മനോഹരൻ പിള്ളയുടേത്. വില്ലേജാഫീസിലെ തൂപ്പുകാരനായിരുന്നു മനോഹരൻ. പേരുപോലെ മനോഹരമായ പെരുമാറ്റം. നളിനി എന്നായിരുന്നു പ്രിയഭാര്യയുടെ പേര്. അപ്പു, അച്ചു എന്ന് രണ്ടു മിടുക്കൻ കുട്ടികളും. രണ്ടുപേരും പഠിക്കാൻ അത്ര മിടുക്കരൊന്നുമല്ലെങ്കിലും നല്ല സ്നേഹമുള്ള കുട്ടികളായിരുന്നു. നളിനിക്ക് പ്രത്യേകിച്ചു ജോലിയൊന്നുമുണ്ടായിരുന്നില്ല. എങ്കിലും, അപ്പുറത്തെ വീട്ടിൽ ഇടയ്ക്കൊക്കെ ജോലിക്കു പോകാറുണ്ട്. മനോഹരനും നളിനിക്കും കിട്ടുന്ന തുച്ഛമായ ശമ്പളംകൊണ്ട് അവർ സന്തോഷത്തോടെ ജീവിച്ചു. അപ്പുവിനു പന്ത്രണ്ടും അച്ചുവിനു മൂന്നും വയസ്സുള്ളപ്പോഴാണ് അവരുടെ അനുജത്തി പിറന്നത്. അപ്പുവും അച്ചുവും അവളെ ചിന്നു എന്ന് താലോലിച്ചുവിളിച്ചു. കളിയും ചിരിയും കൊണ്ട് ആ വീട് സന്തോഷത്തിലാറാടി.

വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം നളിനി ജോലിക്കിടയിൽ തളർന്നുവീണു. പണമില്ലാതിരുന്നതിനാൽ അവൾക്ക് ആശുപത്രിയിൽ പോകാൻ കഴിഞ്ഞില്ല. രണ്ടുമൂന്നു ദിവസത്തിനുശേഷം അവൾ ഒന്നുകൂടി കുഴഞ്ഞുവീണു. ഈ കുഞ്ഞുവീഴ്ചകൾ പതിവായപ്പോൾ അയൽപക്കത്തുനിന്ന് പണം കടം വാങ്ങി അവൾ ആശുപത്രിയിൽ പോയി. ഡോക്ടർ നളിനിയെ പരിശോധിച്ചു.

"അത്യാവശ്യമായി ഒരു ഓപ്പറേഷൻ വേണ്ടിവരും" ഡോക്ടർ പറഞ്ഞു. നളിനിയുടെ നെഞ്ച് ആളിക്കത്തി. അവളുടെ കണ്ണുകളിൽനിന്നു കണ്ണുനീർ വാർന്നു. ഒരു നിമിഷനേരംകൊണ്ട് ചുണ്ടുകൾ വിറച്ചു. താൻ മറ്റേതോ ലോകത്തിലായിപ്പോയി എന്നവൾക്കു തോന്നി. എന്നാലും അവൾ ഡോക്ടറോടു ചോദിച്ചു: "ഈ ഓപ്പറേഷന് ഒരു പാടു ചെലവു വരുമോ?"

"ഒരു ലക്ഷം രൂപയോളമാകും മുഴുവൻ മരുന്നുകൾക്കും പരിശോധനകൾക്കുമായി..." ഡോക്ടർ പറഞ്ഞു. എത്ര കഷ്ടപ്പെട്ടാലും തന്റെ ഭർത്താവിനെക്കൊണ്ട് ഇത്രയും തുക ഉണ്ടാക്കാൻ പറ്റില്ല എന്നവൾക്കറിയാം. അതുകൊണ്ടുതന്നെ, അവൾ ആ രോഗം എല്ലാവരിൽനിന്നും മറച്ചു. പറ്റാവുന്നതിലധികം പണിയെടുത്ത് അവൾ കുറച്ചു പണമുണ്ടാക്കി മരുന്നുകൾ വാങ്ങി ആരും കാണാതെ കഴിച്ചു.

മൂന്നാലു മാസങ്ങൾക്കു ശേഷം മനോഹരൻ ദൂരെ ഒരു യാത്രയിലായിരുന്നു. ആ സമയത്ത് നളിനി കുളിമുറിയിൽ കുഴഞ്ഞുവീണു. നാട്ടുകാർ ഉടനെ അവളെ ആശുപത്രിയിൽ എത്തിച്ചു. അപ്പു തന്റെ തോളിൽ ചിന്നുവിനെയും മറുകൈയിൽ അച്ചുവിനെയും പിടിച്ച് ആശുപത്രി വരാന്തയിലിരുന്നു. കുറച്ചു സമയം കഴിഞ്ഞു നേഴ്സ് വന്നു കുട്ടികളോട് അമ്മയെ കയറി കണ്ടുകൊള്ളൂ എന്നു പറഞ്ഞു. അമ്മയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ലെന്ന വിശ്വാസത്തോടെ അവർ ഓടിച്ചെന്നു. നളിനി അപ്പുവിന്റെ മുഖത്തേക്കു നോക്കി കണ്ണുനീർ വാർത്തു. നളിനി സംസാരിക്കാൻ വിതുമ്പി. ഒടുക്കം ബുദ്ധിമുട്ടി അവൾ പറഞ്ഞു: "മോനേ അപ്പൂ, അമ്മ പോവ്വാ.... ഇനിയൊരിക്കലും നിങ്ങൾക്ക് അമ്മയെ കാണാൻ കഴിയില്ല. നീ നിന്റെ അനുജത്തിയെയും അനുജനെയും പൊന്നുപോലെ നോക്കണം. അച്ഛനോടു പറയണം." ഇത്രയും പറഞ്ഞ് അവൾ ഒരു ദീർഘശ്വാസം വലിച്ചു. പിന്നെ അവൾ അനങ്ങിയില്ല. അമ്മ മരിച്ചെന്നു ഡോക്ടർ അപ്പുവിനോടു പറഞ്ഞു. തന്റെ കയ്യിലിരിക്കുന്ന കുഞ്ഞുങ്ങളുടെ മുഖത്തേക്കു നോക്കി അവൻ പൊട്ടിക്കരഞ്ഞു. മനോഹരൻ ഇതെല്ലാം അറിഞ്ഞപ്പോൾ ഒരുപാടു വൈകി. തന്റെ പ്രിയതമ മരിച്ചതറിഞ്ഞ് അയാളുടെ മാനസികനില തകർന്നു.

അമ്മ മരിച്ചതിനുശേഷം, കുടുംബഭാരം മുഴുവനും അപ്പുവിന്റെ തലയിലായിരുന്നു. ഒമ്പതാം ക്ലാസ്സുവരെമാത്രമേ അവൻ പഠിച്ചിട്ടുള്ളൂ. അവൻ കൂലിപ്പണിക്കുപോയി ആ കുടുംബം പോറ്റി. അച്ചുവും ഏട്ടനെ സഹായിക്കാനായി കൂലിപ്പണിക്കുപോയി. ഇവർ രണ്ടുപേരും ജോലിചെയ്തു കിട്ടുന്ന തുക അച്ഛന്റെ മരുന്നിനും അനുജത്തിയുടെ പഠനത്തിനുമായി ഉപയോഗിച്ചു. അവർ തങ്ങളുടെ ഇഷ്ടങ്ങളെല്ലാം ത്യജിച്ചു.

അമ്മ മരിച്ചിട്ട് കുറച്ചു വർഷമായെങ്കിലും ദുഃഖം അപ്പുവിന് ഒരിക്കലും മാറിയിരുന്നില്ല. ചിന്നു ഇന്ന് പത്തിൽ പഠിക്കുന്നു. പത്താം ക്ലാസ്സിൽ പഠിക്കുന്ന അവൾക്ക് കൂടുതലറിവു പകരാൻ പറ്റിയ ആരും ആ വീട്ടിലുണ്ടായിരുന്നില്ല. മേയ് മാസം ഇരുപത്തിയേഴിനു ചിന്നുവിന്റെ പത്തിലെ റിസൽട്ട് അറിയുന്ന ദിവസം. അവൾക്ക് എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്'.

അവളുടെ ഏട്ടൻമാർക്കു സന്തോഷമായി. അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്നു.

ഹെഡ്മിസ്ട്രസ് അവളെ ചേർത്തു നിർത്തി ചോദിച്ചു: "മോളേ, നിനക്ക് ആരാകാനാണ് ആഗ്രഹം?"

അമ്മയുടെ ഓർമ അവളുടെ മനസ്സിൽ വന്നുനിറഞ്ഞു. ഒരുനിമിഷം അവളുടെ കണ്ണുകൾ തുളുമ്പി. "ചികിത്സിക്കാൻ പണമില്ലാഞ്ഞിട്ടാണ് എന്റെ അമ്മ മരിച്ചുപോയത്. അതുകൊണ്ട് എനിക്ക് ഒരു ഡോക്ടറാകണം. പാവപ്പെട്ട അമ്മമാരെ ചികിത്സിക്കുന്ന ഒരു ഡോക്ടറാകണം. അതാണ് എന്റെ ആഗ്രഹം. എന്റെ ആശുപത്രിയിൽ എല്ലാ അമ്മമാർക്കും ചികിത്സ സൗജന്യമായിരിക്കും." അവൾ കണ്ണുകൾ തുടച്ചുകൊണ്ടു പറഞ്ഞു. ■



# എന്റെ വിദ്യാലയം



**ക്രിസ്റ്റി ജൂഡി**
ക്ലാസ് VIII
സെന്റ് മേരീസ്
എച്ച്.എസ്.എസ്.
കിടങ്ങൂർ

എന്റെ ആരാമമാണ് എൻവിദ്യാലയം
എന്റെ സ്നേഹക്കൂടാണ്
എൻവിദ്യാലയം
ബാല്യത്തിൻ ഓർമകൾ നുകരുന്ന
കൊച്ചുകൂടാണ് എൻവിദ്യാലയം.
ആദ്യാക്ഷരങ്ങൾ പറഞ്ഞുതന്ന
എൻപ്രിയ ഗുരുനാഥന്മാരും
എൻസ്വപ്നങ്ങൾക്കു നിറം നൽകിയ
സ്നേഹാരാമമാണ് എൻവിദ്യാലയം.
കൂട്ടുകൂടി കളിച്ചും ചിരിച്ചും
നന്മകൾ ചെയ്യും കുട്ടിക്കാലത്തിൻ
ചിത്രങ്ങളാണ്
എൻവിദ്യാലയത്തിൻ ഓർമകൾ
പ്രോത്സാഹനത്തിലൂടെയും ആശംസകളിലൂടെയും
എൻസ്വപ്നങ്ങളെ വാർത്തെടുത്ത
എൻപ്രിയ ഗുരുനാഥന്മാരും
കാലങ്ങൾ എത്ര ദൂരെയാണെങ്കിലും
കാലങ്ങൾ എത്ര കഴിഞ്ഞുപോയാലും
എന്നുമെൻ മനസ്സിൽ മായാതെ നിൽക്കുമെൻ
ഗുരുനാഥന്മാരും വിദ്യാലയവും
സ്നേഹമാണെൻ വിദ്യാലയം
നന്മയാണെൻ വിദ്യാലയം.



# റൂം നമ്പർ 2



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ്
കോളജ് ഓഫ് റ്റീച്ചർ
എജ്യുക്കേഷൻ ഫോർ
വിമൻ, എറണാകുളം

തിരികെയെടുക്കാൻ
ബാക്കിയില്ലാത്ത
ഒറ്റമുറിയിൽ
അവസാനത്തെ
പുഞ്ചിരിയെ
കടം കൊടുത്തിട്ട്
കൂടുവിട്ട് പോവുകയാണ്.
ഓർമ്മകളുടെ
കെട്ടുപൊട്ടിക്കാതെ
ഈ പുസ്തകവും
പടിയിറങ്ങുമ്പോൾ
പോയ കാലത്തിന്റെ
നീറുന്ന തേങ്ങൽ
ഓർമ്മപൂത്ത മുറിയിൽ
അലയടിക്കുന്നു.
ഇനിയുമപരിചിതർ
പരിചിതരാകും.
നമ്മളിടമെന്നു പറയും.
പങ്കുവയ്ക്കപ്പെടും.
പറയാൻ
കഥകളേറെയാകും.
കദനങ്ങൾ, ഉന്മാദങ്ങൾ,
മൗനങ്ങൾ, വിരസതകൾ
എന്തിനും, ഈ
ചുവരുകൾ
സാക്ഷിയാകും.
കാമ്പുള്ള കവിതകൾ
പിറക്കും.
ഓർമ്മകൾ പിന്നെയും
തളംകെട്ടും
ഒരായിരം കിനാക്കൾ
ഈ നാലു ചുവരിന്റെ
വാടകക്കാരാകും.
മനുഷ്യർ ചിതറിയകലും.
കാലമെത്രപെട്ടെന്ന്
കടന്നുപോകുന്നുവല്ലേ...
ഒരു കൊച്ചുനോമ്പരം
ബാക്കിവച്ചങ്ങനെ...



# 'പരീക്ഷ'ണങ്ങളുടെ ലോകത്തിൽ





**ആൽബിൻ സാജൻ**
എം.എ. മലയാളം
രണ്ടാം വർഷം
സെന്റ് തോമസ് കോളജ് പാലാ

ഇന്ത്യയെപ്പോലെ ഒരു വലിയ രാജ്യത്തെ സംബന്ധിച്ച് ഏറ്റവും വലിയ ശക്തിയെന്നു പറയുന്നത് ഇവിടത്തെ മനുഷ്യവിഭവശേഷിയാണ്. പക്ഷേ, ദൗർഭാഗ്യകരമെന്നു പറയട്ടെ, നമ്മുടെ ഭരണസംവിധാനങ്ങൾക്ക് ഈ മനുഷ്യസമ്പത്ത് മാറ്റത്തിനനുകൂലമായി ഉപയോഗിക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. നിരക്ഷരരും തൊഴിൽരഹിതരുമായി ലക്ഷക്കണക്കിനാളുകൾ, ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയിൽ ജീവിക്കുന്നു എന്നതൊരു യാഥാർഥ്യമാണ്.

സമീപദിവസങ്ങളിൽ പത്രമാധ്യമങ്ങളിൽ വന്ന പ്രധാന തലക്കെട്ടുകളിലൊന്നാണല്ലോ, ഇന്ത്യയിലെ പ്രധാന പ്രവേശനപ്പരീക്ഷകളിൽ ഉൾപ്പെടുന്ന നീറ്റ് - യുജി, യുജിസി - നെറ്റ് പരീക്ഷാനടത്തിപ്പിലെ ക്രമക്കേടിനെ സംബന്ധിക്കുന്ന വാർത്ത. ദീർഘനാളത്തെ പരിശീലനത്തിലൂടെ ആത്മാർഥമായി പരിശ്രമിച്ച്, വലിയ പ്രതീക്ഷകളോടെ പരീക്ഷയെഴുതിയ ലക്ഷക്കണക്കിനു വിദ്യാർഥികളെ നിരാശപ്പെടുത്തിയ ഒരു വാർത്തയായിരുന്നു ഇത്.

ആരെയാണു നാം ഇവിടെ കുറ്റപ്പെടുത്തേണ്ടത്? ആരുടെ നേർക്കാണ് ആരോപണങ്ങൾ ഉന്നയിക്കേണ്ടത്? രാജ്യത്തെ പ്രധാനപരീക്ഷകളുടെ വിശ്വാസ്യതതന്നെ ചോദ്യം ചെയ്യപ്പെടുമ്പോൾ, 'ഇവിടുത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഞങ്ങൾക്കു താത്പര്യമില്ല, എന്നു പറയുന്ന വിദ്യാർഥികളോടെന്തു മറുപടിയാണ് പറയാൻ സാധിക്കുക? വിദ്യാർഥികൾക്കുവേണ്ട വിദ്യാഭ്യാസ - തൊഴിലവസരങ്ങൾ നൽകാതെ, യുവതീയുവാക്കൾ രാജ്യമുപേക്ഷിച്ചു വിദേശരാജ്യങ്ങൾ തേടിപ്പോകുന്നതിനെ വിമർശിക്കുന്നതിൽ വല്ല കാര്യവുമുണ്ടോ?

പരീക്ഷക്കാലമാകുമ്പോഴേക്കും പ്രമുഖപത്രക്കോളങ്ങളിൽ തങ്ങളുടെ പരസ്യങ്ങൾ നിറയ്ക്കാൻ വരിനിൽക്കുന്ന 'എൻട്രൻസ്' പരിശീലനകേന്ദ്രങ്ങളുടെ നിര ഇതിന്റെ മറ്റൊരു പുറം. ഈ ബഹളങ്ങൾക്കെല്ലാമിടയിൽ കടുത്ത മാനസികസംഘർഷങ്ങളിൽ അകപ്പെട്ട് ജീവിതം മരവിച്ചുപോകുന്ന കുട്ടികളെ ആരും കണ്ടെന്നുവരില്ല. ചെറുപ്രായത്തിൽത്തന്നെ കുട്ടികളനുഭവിക്കുന്ന മാനസികപിരിമുറുക്കങ്ങൾ അവരുടെ സാമൂഹികജീവിതത്തെ എത്രത്തോളം ബാധിക്കുന്നു എന്നു പരിശോധിക്കേണ്ടതാണ്. മത്സരപ്പരീക്ഷകളിൽ വിജയിക്കുന്ന പതിനായിരങ്ങളുടെ കൂടെ പരാജിതരാകുന്ന ലക്ഷങ്ങളുണ്ടെന്നും, അവരിലെത്രപേർക്ക് അതുൾക്കൊള്ളാൻ സാധിക്കുന്നുണ്ടെന്നും നാം മനസ്സിലാക്കേണ്ടതാണ്.

വിദ്യാർഥികേന്ദ്രിതമായ ഒരു വിദ്യാഭ്യാസസമ്പ്രദായം നമുക്കിപ്പോഴും ഒരു വിദൂരസ്വപ്നമായി അവശേഷിക്കുകയാണ്. വിദ്യാർഥികൾക്ക് തങ്ങളുടെ അഭിരുചിക്ക് അഥവാ കഴിവിനനുസരിച്ചുള്ള മേഖല തിരഞ്ഞെടുക്കാനുള്ള ഒരു സംവിധാനമാണ് നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖല വിഭാവനം ചെയ്യേണ്ടത്. നമ്മുടെ ഭരണസംവിധാനമിങ്ങനെയായതുകൊണ്ടാണ് ഒന്നും ശരിയാകാത്തത് എന്നു പഴി പറഞ്ഞിരിക്കുന്നതിൽ യാതൊരു കാര്യവുമില്ല. നമ്മുടെ വഴി നമ്മൾതന്നെ തിരഞ്ഞെടുക്കണം. പ്രതിസന്ധികൾ ഉണ്ടായേക്കാം, വീഴ്ചകൾ സംഭവിച്ചേക്കാം. പക്ഷേ, അന്തിമവിജയം നമുക്കൊപ്പമായിരിക്കും. ഇതിനെല്ലാം വേണ്ടത് നമ്മുടെ മനഃസാന്നിധ്യമാണ്. നമ്മുടെ മുമ്പിൽ തുറക്കപ്പെടാത്ത ഒരുപാട് സാധ്യതകളുടെ വാതിലുകളുണ്ട്. അവയിലുചിതമായതു തിരഞ്ഞെടുത്ത് മുന്നേറാനുള്ള വിവേകമാണു നമുക്കുണ്ടാകേണ്ടത്. എല്ലാക്കാലത്തും നമ്മുടെ നിയന്ത്രണത്തിൽ നിൽക്കുന്ന കാര്യങ്ങൾ മാത്രം ചെയ്യാൻ നാം പരിശ്രമിക്കുക; അതിനു സാധിച്ചിട്ടുള്ളവരാണ് ഈ ലോകത്തിൽ വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്.




## വെളിച്ചം



**മെറിൻ ജെയിംസ്**
III DC
മാത്തമാറ്റിക്സ്
അൽഫോൻസാ കോളജ്
പാലാ

വെളിച്ചമെന്നതല്ലയോ
പ്രപഞ്ചത്തിലേറ്റം പ്രധാനം
ഇരുളിൻ വീഥിയിൽ ചരിക്കാൻ
വെളിച്ചത്തിൻ കൈപിടിക്കൂ
മനുഷ്യരുമൊപ്പമീ ജീവജാലങ്ങളു-
മെന്തിനാകാശവീഥിതൻ ഗോളങ്ങളും
നിലാവുതൻ കരങ്ങളാൽ
തുടച്ചുമാറ്റുന്നു രാത്രിതൻ കറുത്ത ഭാവത്തെ
പകലിലാ സൂര്യവെളിച്ചത്തിൽ
പൊൻതിളക്കമേറുന്നു ഭൂമിയാം അമ്മയ്ക്ക്
മനുഷ്യർതൻ മനസ്സിലും ഇരുട്ടകലണം
തെളിയേണമെപ്പോഴും സച്ചിന്തകൾതൻ ദീപനാളം

## കണ്ണട



**അനുഗ്രഹ പ്രസാദ്**
ക്ലാസ് V
ഗവ. യു.പി.എസ്.
അളനാട്



മീനൂട്ടി ട്യൂഷൻക്ലാസ്സിലേക്കുള്ള യാത്രയാണ്. കഴിഞ്ഞ ദിവസം സ്കൂളിൽ നടന്ന കാര്യങ്ങൾ ഓർത്ത് തുള്ളിച്ചാടിയുള്ള അവളുടെ പോക്കു കാണാൻ എന്തു രസമാണെന്നോ!

"എന്താ മീനൂട്ടി വളരെ സന്തോഷത്തിലാണല്ലോ.'' ഞാൻ ചോദിച്ചു.

"ഉം... കഴിഞ്ഞ ദിവസം സ്കൂൾവിട്ടു വരുന്ന വഴിക്ക് വഴിയിൽ കിടന്ന് ഒരു പേന എനിക്കു കിട്ടി. ഞാനത് അമ്മയെ കാണിച്ചപ്പോൾ 'പെരുവഴിയിൽ കിടന്നതല്ലേ, വെറുതെ കളയണ്ടാ. മോളതുപയോഗിച്ചോളൂ' എന്നു പറഞ്ഞു. ഞാനതുംകൊണ്ട് സ്കൂളിൽ ചെന്നപ്പോൾ എല്ലാവരും എന്റെ പേനയെക്കുറിച്ചും കയ്യക്ഷരത്തെക്കുറിച്ചും ആയിരുന്നു സംസാരം. എനിക്കു ട്യൂഷൻ ക്ലാസിലെത്താൻ ഏറെ നടക്കണം ഞാൻ പോകുവാണേ."

വെറും രണ്ടു മണിക്കൂറുകൾക്കുശേഷം മീനൂട്ടിയെക്കണ്ട് ഞാൻ അമ്പരന്നുപോയി. "ഇതെന്തു പറ്റിയെടീ, നിന്റെ മുഖമാകെ വികൃതമായിരിക്കുന്നെ." "എന്തു പറയാനാ എന്റെ ചിന്നുക്കുട്ടീ, ഞാൻ പോകുംവഴി എനിക്കൊരു കണ്ണട കിടന്നുകിട്ടി. അതും വച്ച് സ്റ്റൈലിൽ ഒരു പോക്കു പോയതാ. കല്ലേതാ നടയേതാ കുന്നേതാ കുഴിയേതാ എന്നറിയാതെ പൊത്തിയടിച്ച് ഒറ്റവീഴ്ച. ഈ കോലമായി. ഇതിൽ നിന്ന് ഞാനൊരു കാര്യം മനസ്സിലാക്കി;

വെറുതെ കിട്ടുന്നതായാലും, അപരന്റേതെല്ലാം നമുക്കു ചേരണമെന്നില്ല."


DEEPANALAM WINNERS SPACE gk

## കഴിഞ്ഞലക്കം ക്വിസ്
### (പ്രതിഭ 2024 ജൂൺ)
### ശരിയുത്തരങ്ങൾ

1. നോർവേ, 159
2. വെങ്കട്ടുരാമൻ നാരായൺസ്വാമി, കോഴിക്കോട്
3. കാമ്യ. പ്ലസ് ടു വിദ്യാർഥിനി
4. ബീഹാർ, കേരളം
5. ഡോ. സി.കെ. ലക്ഷ്മണൻ, കണ്ണൂർ
6. ഹേമചന്ദ്രൻനായർ (പാലക്കാട്)
   ജൂലൈ 28 - ഓഗസ്റ്റ് 11
7. സന്തോഷ് ശിവൻ
   ഛായാഗ്രഹണം
8. ഇറ്റലിയിൽ ജൂൺ 13-15
   ജപ്പാനിലെ ഹിരോഷിമായിൽ
9. മുൻരാഷ്ട്രപതി കെ.ആർ. നാരായണൻ
   1999 മേയ് 25
   1999 ജൂൺ 10
10. 11, 537

ശരിയുത്തരം ആരും അയച്ചിട്ടില്ല.

## എന്റെ വര





**ആരോമൽ എ. ആർ.**
ക്ലാസ് VI
ജവഹർ വിദ്യാഭവൻ
ഇംഗ്ലീഷ് മീഡിയം
സ്കൂൾ,
കൂത്തുകല്ലിൻമൂട്

# കലയില്ലെങ്കിൽ എന്തു ജീവിതം?



**അജയ് കെ. ജോസഫ്**
കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ
കാഞ്ഞിരപ്പള്ളി

**ക**ല മനുഷ്യമനസ്സുകളെ വിമലീകരിക്കുന്നു. അതു മനുഷ്യമനസ്സുകളെ ലോലമാക്കുന്നു. അത് കല്ലുപോലെ കഠിനമായ മനസ്സുകളെ വെണ്ണപോലെ മൃദുലമാക്കുന്നു. കലോപാസകർക്ക് ഒരിക്കലും മറ്റുള്ളവരെ ദ്രോഹിക്കാൻ സാധിക്കില്ല. അവർ മനുഷ്യരുടെ നാനാവിധമായ വികാരവിചാരങ്ങളെ തങ്ങളിലേക്ക് ആവാഹിച്ചവരാണ്. കലകൾ അഭ്യസിക്കുന്നവരെയും അതു പകർന്നുകൊടുക്കുന്നവരെയും സംരക്ഷിക്കുകയെന്നത് നമ്മുടെ നാടിന്റെ കടമയാണ്. കാരണം, അവയെല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്.



കല സംരക്ഷിക്കപ്പെടേണ്ടതും തലമുറകളിലേക്കു പകർന്നുകൊടുക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. അതിനു സാധിച്ചില്ലെങ്കിൽ, കലാരൂപങ്ങൾ നമ്മുടെ സംസ്കാരത്തിൽനിന്ന് അപ്രത്യക്ഷമാകും. അതുവഴി നമുക്കു നഷ്ടമാകുന്നത്, നമ്മുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും സുവർണ ഏടുകളാണ്.

കലാരൂപങ്ങൾ ഉദ്ഭവിക്കുന്നത് ഒരുപാടുകാലത്തെ പരിണാമങ്ങളിലൂടെയാണ്. അതു വികസിച്ചുവന്നത് ജനതയുടെ നാനാവിധമായ വികാരവിചാരങ്ങളെ ആവാഹിച്ചുകൊണ്ടാണ്. അവയ്ക്കു ധാരാളം കഥകൾ പറയാനുണ്ടാവും. ഒരുപാടുപേരുടെ വേദനകൾ, വിലാപങ്ങൾ, ചിരികൾ, കോപം തുടങ്ങിയവയ്ക്കെല്ലാം സാക്ഷ്യം വഹിച്ചാകും അതു പുരോഗമിച്ചത്. ആ ചരിത്രം നമ്മൾ മറക്കാൻ പാടില്ല. ഒരുപാടാളുകൾ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്നതിലൂടെ ഉപജീവനം നടത്തുന്നുണ്ട്.

കലയെന്നാൽ ഒരു ജീവനശൈലിയും ഭാവനാസൃഷ്ടിയുമാണ്. അതിനായി അനേകം രീതികളും മാധ്യമങ്ങളും ഉണ്ട്. ചില രംഗങ്ങളിൽ അത് ശില്പരൂപത്തിൽ അലങ്കരിക്കുന്നു. മറ്റു രംഗങ്ങളിൽ അത് സംസ്കാരത്തിന്റെ നേർചിത്രമായി നിലകൊള്ളുന്നു. കല ഒരു പുതിയ ലോകം സൃഷ്ടിക്കുന്നു.



ഒരു ജനസമൂഹത്തിന്റെ ഞെരിഞ്ഞമരുന്ന വികാരങ്ങളുടെയും പ്രതിഷേധങ്ങളുടെയും നേർച്ചിത്രങ്ങളാണ്. കല നമ്മുടെ ജീവിതത്തെ പരിവർത്തനവിധേയമാക്കുന്നു. ഒരു കലാകാരൻ തന്റെ ജീവിതം കലയ്ക്കുവേണ്ടി സമർപ്പിക്കുന്നു. എരിഞ്ഞമരുന്ന തിരിനാളംപോലെ അവർ സ്വയം എരിഞ്ഞ് ലോകർക്കു പ്രകാശം നൽകുന്നു. കല വിവിധ സംസ്കാരങ്ങൾക്കനുസൃതമായി സൃഷ്ടിക്കപ്പെടുന്നു. ഒരു ചിത്രം, ഒരു നാടൻസംഗീതം, ഒരു നാടകം എന്നിവ നാട്ടിലെ ജീവിതത്തിന് വൈവിധ്യം അനുഭവപ്പെടുത്തുന്നു. കലാപ്രവർത്തകർ നമുക്കു സ്വന്തമായിത്തരുന്നു. ചില കലാസംഘടനകൾ പരിസ്ഥിതിയെ മനോഹരമാക്കുന്നു. കല വളരെയധികം വിശാലമാണ്; പരന്നതാണ്.



കല മനസ്സിലില്ലാത്ത മനുഷ്യർ മൃഗതുല്യരായി മാറും. നമ്മുടെ മനസ്സിൽ അന്തർലീനമായിരിക്കുന്ന ചേതോവികാരങ്ങളെ ഉത്തേജിപ്പിക്കുന്നതോടൊപ്പം, വികാരങ്ങളെ മറ്റൊരു തലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു. നമ്മുടെ ജീവിതം മുന്നോട്ടു പോകുന്നത് ഹൃദയമിടിക്കുന്ന താളത്തിലാണ്. നമ്മുടെയെല്ലാം ജീവിതത്തിലുടനീളം ഒരു താളാത്മകതയുണ്ട്. നമ്മിൽ അന്തർലീനമായിരിക്കുന്ന താളാത്മകതയെ ഉത്തേജിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. അതു നാം ചെയ്തില്ലെങ്കിൽ നമ്മുടെ ഉള്ളിലെ മാനവികമൂല്യങ്ങൾ മരവിച്ചുപോകും. നമ്മുടെ ഉള്ളിലെ പൂർണസത്യത്തെ തിരിച്ചറിയാൻ സാധിക്കണം. അതിന്, കല നമ്മെ സഹായിക്കുന്നു. കലാപഠനം നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് കുട്ടികളുടെ ഉള്ളിലെ കലാവാസനകൾ പ്രോത്സാഹിപ്പിക്കാനും അവ ഉത്തേജിപ്പിക്കാനുംവേണ്ടിയാണ്.

■




**അമൽജിത്ത് കെ. എ.**
II DC മലയാളം
സെന്റ് തോമസ് കോളജ്, പാലാ



## കാണാക്കാഴ്ചകൾ



**ആദിത്യമോൾ സി. ജെ.**
ക്ലാസ് X
സെന്റ് അലോഷ്യസ് എച്ച്.എസ്. മണലുങ്കൽ

കാഴ്ചകളേറെ തുടിക്കുമീ ഭൂമിയിൽ
കാഴ്ചകളില്ലാതെയെത്രയാൾക്കാർ
രാത്രിയും പകലുമില്ലാതവർ താണ്ടുന്ന
പാതകൾ ഇരുൾ നിറഞ്ഞതല്ലോ
നിറങ്ങളെന്തെന്നറിയില്ല ഭംഗിയെന്തെന്നറിയില്ല
പുതുമയുടെ നിറമൊന്നുമവരിലില്ല
കാതോർക്കുന്ന സംഗീതമവർക്കാശ്വാസമേകുമോ
കാഴ്ചയില്ലെങ്കിലും സ്നേഹം കൊതിക്കുന്ന
മനസ്സുകളവർക്കുള്ളിലേറെയുണ്ട്
അനാഥരായ് മാറും ചിലർ വഴിവക്കിലെ
ചവറുപോൽ തെരുവിൽ അലഞ്ഞീടുന്നു
ചിലരവർക്കേകിടും കരുണതൻ സ്പർശം
ശാന്തിതൻ ശംഖൊലിയെന്നപോലെ
കാഴ്ചയുള്ളോർതൻ തിരക്കാർന്ന ജീവിതം
പണത്തിനു പിന്നാലെ പായുമ്പോൾ
അവർ കാണാത്ത വേദനകൾ
ഈ ഭൂമിയിൽ കാണാക്കാഴ്ചകളായ്
സ്വർഥതയെന്നൊരാ രാക്ഷസശക്തിയെ
കൊല്ലുകയാണിന്നു പ്രധാനകർമം
നിരാശതൻ പാതകൾ താണ്ടുന്ന നേരത്ത്
അന്ധബധിരരേ ഓർക്കുക നാം
നല്ലൊരു ജീവിതമവർക്കുമേകാം.

## വൈകാരികപക്വത നഷ്ടപ്പെട്ടാൽ

*7-ാം പേജ് തുടർച്ച*

അതിനു നമുക്കു നമ്മെക്കുറിച്ചും നമ്മുടെ ചുറ്റുമുള്ള ലോകത്തെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാവണം. അതിനു നമുക്ക് ആവശ്യം EQ വും SQ വും ആണ്. വൈകാരിക മനുഷ്യരെയല്ല, പക്വതയുള്ള മനുഷ്യരെയാണ് നമുക്ക് ആവശ്യം.

സമൂഹമാധ്യമങ്ങളിൽ ഏറ്റവും അധികം വിറ്റുപോകുന്നത് വൈകാരികമായ മോട്ടിവേഷൻ വീഡിയോകളും തങ്ങളുടെ വൈകാരിക അപക്വതയെ ബോധപൂർവം മറയ്ക്കാൻ ശ്രമിക്കുന്ന ചില ഒളിച്ചോട്ടം ചിന്താഗതികളുമാണ്. നമുക്ക് ഉണ്ടാവേണ്ടത് പ്രശ്നങ്ങളെ ധീരതയോടെ നേരിടുന്ന യുവതയെയാണ്. ഒരു വ്യക്തിയോ മറ്റുള്ള വ്യക്തികളുടെ പരിഹാസനങ്ങളോ ഒറ്റപ്പെടലോ ഒക്കെ നമ്മെ വിഷമിപ്പിക്കുമ്പോൾ അത് ഒന്നും അവസാനമല്ലെന്നുള്ള ബോധ്യമാണ് നമുക്കാവശ്യം.

കൂടാതെ, ഇവയെല്ലാം പരിശുദ്ധ റൂഹായുടെ ഫലങ്ങളാണ്. അതുകൊണ്ടുതന്നെ, ഏതു കുരിശും ഒരു ഉയിർപ്പിൽ അവസാനിക്കുമെന്ന ബോധ്യമുള്ള SPIRITUAL QUOTIENT ഉള്ള വ്യക്തികളെയാണ് നമുക്ക് ആവശ്യം.

എന്തൊക്കെ വന്നാലും അതെല്ലാം ജീവിതത്തിന്റെ നിർണായകഭാഗമാകുന്നില്ല എന്നതാണു പ്രധാനം. എന്തു സംഭവിച്ചാലും അതിനു പരിഹാരമുണ്ട് എന്നു തിരിച്ചറിയണം.

മാനസികബുദ്ധിയെ അഥവാ വൈകാരികബുദ്ധിയെ നമ്മുടെ ബോധപൂർവമായ പരിശ്രമത്തിലൂടെ വളർത്തി എടുക്കണം. അപ്പോൾമാത്രമേ ആരോഗ്യമുള്ള ഒരു തലമുറ നമുക്ക് ഉണ്ടാവൂ. അതിനു നമ്മുടെ യുവജനങ്ങളും കുട്ടികളും യാഥാർഥ്യബോധം ഉള്ളവരായി വളരാനും ദൈവികചിന്തകളിൽ വേരൂന്നാനും ആവശ്യമായ സാഹചര്യം നമുക്ക് ഒരുക്കാം.

■